Malappuram District Police

## 06/11/2017 തേഞ്ഞിപ്പാലം

പെരുവള്ളൂർ സലഫി മസ്ജിദിന്റെ പൂട്ട് തകർത്ത് അകത്തുകയറി ഭണ്ഡാരം കവർന്ന കേസില് ഒരാളെ തേഞ്ഞിപ്പലം പോലീസ് അറസ്റ്റുചെയ്തു. വേങ്ങര വള്ളിക്കാടൻ ജുറൈജ് (20) ആണ് അറസ്റ്റിലായത്.

കഴിഞ്ഞ 31ന് പുലർച്ചെയാണ് പള്ളിയില് മോഷണംനടന്നത്. മലപ്പുറം, കോഴിക്കോട്, വയനാട്, ജില്ലകളിലായി ഒട്ടേറെ സ്ഥലങ്ങളിൽ മോഷണം നടത്തിയ കേസുകളിൽ പെട്ടയാളാണ് ഇയാൾ. പോലീസ് വിശദമായ അന്വേഷണം തുടങ്ങി.

കൂട്ടുപ്രതികളെക്കുറിച്ച് സൂചന ലഭിച്ചതായി പോലീസ് അറിയിച്ചു. തേഞ്ഞിപ്പലം എസ്.ഐ. സി.കെ. നാസർ, അഡീഷണല് എസ്.ഐ. സുബ്രഹ്മണ്യൻ എന്നിവരാണ് പ്രതിയെ അറസ്റ്റുചെയ്തത്.